പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6600** **21.11.2019 ൽ മറുപടിയ്ക്ക്**

**മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ നിർമ്മാണത്തിനുള്ള ഭൂമി**

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | |
|---|---|---|
| (എ) | എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും മാവേലിക്കര കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ച ഡിപ്പോയുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട തടസ്സം നീക്കുന്നതിന് ജില്ലാ കളക്ടർ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) ഈ വിഷയത്തിൽ പ്രശ്ന പരിഹാരത്തിനായി ആലപ്പുഴ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 14.06.2019 തീയതിയിൽ ഒരു യോഗം വിളിച്ച് ചേർക്കുകയും ബേസിക് ടാക്സ് രജിസ്റ്റർ (BTR) പ്രകാരം ടി സ്ഥലം മുനിസിപ്പാലിറ്റിയുടെ പേരിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മുൻസിപ്പാലിറ്റിയുടെ പക്കൽ ടി സ്ഥലം അവരുടേതാണെന്ന് തെളിയിക്കുന്നതിനുള്ള യാതൊരു രേഖകളും ഇല്ല. കെ.എസ്.ആർ.ടി.സിയുടെ കൈവശാവകാശം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് നൽകിയാൽ മാത്രമേ പെർമിറ്റ് നൽകേണ്ടതുള്ളൂ എന്ന് മുനിസിപ്പൽ കൗൺസിൽ തീരുമാനിച്ചിട്ടുള്ളത്.<br>സ്ഥലം സ്വന്തമാണെന്ന് തെളിയിക്കുന്ന യാതൊരു രേഖകളും മുൻസിപ്പാലിറ്റിയുടെ പക്കൽ ഇല്ലാത്ത സാഹചര്യത്തിൽ കഴിഞ്ഞ 30 വർഷങ്ങളായി കെ.എസ്.ആർ.ടി. സി. കൈവശം വെച്ച് ഉപയോഗിച്ച് വരുന്ന സ്ഥലത്തിന് മുൻസിപ്പാലിറ്റി NOC നൽകുന്ന പക്ഷം സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിന് തടസ്സമില്ലെന്ന് മാവേലിക്കര തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സിക്ക് NOC നൽകുന്നതിന് മറ്റെന്തെങ്കിലും തടസ്സം ഉണ്ടോ എന്നുള്ള വിവരം അടിയന്തിരമായി റിപ്പോർട്ട് ചെയ്യുവാൻ പലതവണ മുൻസിപ്പൽ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ടി വിഷയത്തിൽ മുൻസിപ്പൽ കൗൺസിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനം മുൻസിപ്പൽ സെക്രട്ടറി ഇതുവരെയും ലഭ്യമാക്കിയിട്ടില്ല. |

| | | |
|---|---|---|
| (ബി) | പ്രസ്തുത നടപടികൾ പൂർത്തീകരിക്കുന്നതിൽ കഴിഞ്ഞ അഞ്ച് മാസമായി യാതൊരു തുടർനടപടികളും സ്വീകരിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) | പ്രസ്തുത വീഴ്ച പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുമോ; | (സി) തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തിരം നിർദ്ദേശം നൽകാവുന്നതാണ്. |
| (ഡി) | കെട്ടിട നിർമ്മാണം നടക്കുന്ന ഭൂമി നഗരസഭയുടേതല്ലെന്ന് രേഖാമൂലം നഗരസഭ വ്യക്തമാക്കിയിട്ടും ഭൂമി കെ.എസ്.ആർ.ടി.സി.യുടെ പേരിലേക്ക് മാറ്റുന്നതിന് എൻ.ഒ.സി. നൽകാതിരിക്കുന്നതെന്തുകൊണ്ടെന്ന് വിശദമാക്കാമോ? | (ഡി) കെട്ടിട നിർമ്മാണം നടക്കുന്ന ഭൂമി ബി.റ്റി.ആർ പ്രകാരം നഗരസഭയുടെ പേരിലാണ്. എന്നാൽ ഭൂമി നഗരസഭയുടേതല്ലെന്ന് രേഖാമൂലം നഗരസഭ അറിയിച്ചിട്ടില്ല.<br>ബി.റ്റി.ആർ. പരിശോധിച്ചതിൽ നിന്നും ബസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത് ബ്ലോക്ക് 66 ൽ റീ സർവ്വെ 47,48, 49, 50, 51, 52, 53, 54, 55, 56, 65, 66, 67 എന്നിവയിൽപ്പെട്ടതാണ് കാണുന്നു. ടി സർവ്വേ നമ്പരുകളിൽ ഭൂരിഭാഗം വസ്തുവും ഉൾപ്പെട്ടുവരുന്ന 47, 49, 65 എന്നിവ ബി.റ്റി.ആർ പ്രകാരം മാവേലിക്കര മുനിസിപ്പാലിറ്റി കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ് എന്നും 48, 51, 52, 53, 54, 67, 66 എന്നിവ മാവേലിക്കര മുൻസിപ്പാലിറ്റി എന്നും റീസർവ്വേ നം. 50, 56 എന്നിവ സർക്കാർ പുറമ്പോക്ക് എന്നും റീസർവ്വേ നം. 55 സർക്കാർ പുറമ്പോക്ക് തോട് എന്നും രേഖപ്പെടുത്തിയിരിക്കുന്നതായും, ഒന്നായി കിടക്കുന്ന ടി വസ്തുക്കളിൽ കിഴക്ക് ഭാഗം ഒഴികെ ബാക്കി ചുറ്റുമതിൽ നിർമ്മിച്ചിട്ടുള്ളതും, വർഷങ്ങളായി കെ.എസ്.ആർ.ടി.സി യുടെ കൈവശത്തിലുമാണ്. ബി.റ്റി.ആർ രേഖകളിൽ സ്ഥലം മുൻസിപ്പാലിറ്റിയുടെ പേരിൽ ആയതിനാൽ മുൻസിപ്പാലിറ്റിയുടെ NOC ലഭിക്കുന്ന പക്ഷം ടി സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് കെ.എസ്.ആർ.ടി.സിക്ക് നൽകുന്നതിന് തടസ്സമില്ലായെന്നും ഇക്കാര്യത്തിൽ മുൻസിപ്പൽ കൗൺസിൽ കൈകൊണ്ടിട്ടുള്ള തീരുമാനം നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ